# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.990 01.03.2017-ൽ മറുപടിക്ക്

## കാക്കടവ് ജലവിതരണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. രാജഗോപാലൻ : | | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| എ | കാസർഗോഡ് ജില്ലയിൽ കാക്കടവ് ജലവിതരണ പദ്ധതിയിൽ നിന്നും ഏതൊക്കെ സർക്കാർ സ്ഥാപനങ്ങൾക്കാണ് കുടിവെള്ളം ലഭ്യമാക്കുന്ന തെന്ന് അറിയിക്കാമോ; | എ | ഏഴിമല നേവൽ അക്കാദമി, സി.ആർ.പി.എഫ് പെരിങ്ങോം, ഖാദി സെന്റർ രാമന്തളി എന്നീ സർക്കാർ സ്ഥാപനങ്ങൾക്ക് കുടിവെള്ളം നൽകി വരുന്നു. |
| ബി | ഈ പദ്ധതിയിൽ നിന്നും പൊതുജനങ്ങൾക്ക് കുടിവെള്ളം നൽകി വരുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പഞ്ചായത്തു കളിലെ ജനങ്ങൾക്കാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | ബി | പൊതു ടാപ്പുകൾ വഴിയും, ഗാർഹിക കണക്ഷനുകൾ വഴിയും കുടിവെള്ളം പൊതുജനങ്ങൾക്ക് നൽകി വരുന്നു. രാമന്തളി പഞ്ചായത്തിലെ ജനങ്ങൾക്കാണ് കുടിവെള്ളം നൽകി വരുന്നത്. |
| സി | ഇവിടെ നിന്നും വെള്ളം നൽകുന്ന സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാട്ടർ അതോറിറ്റിക്ക് എത്രകോടി രൂപ പ്രതിവർഷം വെള്ളക്കരമായി ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | സി | 3.34 കോടി രൂപ |
| ഡി | കാക്കടവിൽ സ്ഥിരം തടയണ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | ഡി | പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തി യായി. പ്രവൃത്തിക്ക് അനുമതി നൽകി. കരാറുകാരനായ ശ്രീ.സി.എം.അബ്ദുൾ ഖാദർ 18.02.2017-ന് എഗ്രിമെന്റ് ഒപ്പിട്ടു, ഡിസൈൻ തയ്യാറായി വരുന്നു. |
| ഇ | ഇതിന്റെ പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | ഇ | 14.02.2017-ന് പ്രവൃത്തി അനുമതി നൽകി. മാർച്ച് 2019-തോടെ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ